# ഇടശ്ശേരിക്കവിതയിലെ ദേശീയത

പ്രൊഫ. നെടുമുടി ഹരികുമാർ

ഇടശ്ശേരി ഗോവിന്ദൻനായർ ദേശീയതയ്ക്കായി ഒന്നും എഴുതിയില്ല. എങ്കിലും എഴുതിയതിലെല്ലാം ദേശീയതയുടെ ദാർശനികാടിത്തറയായ അഖണ്ഡതയുടെ ദീപപ്രസരം നമുക്കു കാണാനാവും. ഉച്ചത്തിൽ മുദ്രാവാക്യം വിളിക്കാതെ, അട്ടഹസിക്കാതെ അതീവശാന്തമായി ആശയരംഗത്തു നടത്തിയ ഒരു കലാപമായിരുന്നു ഇടശ്ശേരിക്കവിത. തികച്ചും വൈയക്തികമായ വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോഴും സാമൂഹ്യമാനമുള്ള വിഷയങ്ങളിലൂളിയിടുമ്പോഴും, ഇടശ്ശേരിക്ക് ഭാവഭേദമില്ല. കവിക്കു സഹജമായ അന്തർമുഖത്വത്തെ സാമൂഹ്യജീവിയുടെ ബഹിർമുഖത്വംകൊണ്ടും സമൂഹനരനു സഹജമായ ബഹിർമുഖത്വത്തെ കവിയുടെ അന്തർമുഖത്വംകൊണ്ടും പരസ്പര പൂരകമായി മാററുകയായിരുന്നു ഇവിടെ.

ദേശീയസ്വാതന്ത്ര്യസമരം ആളിപ്പടർന്നിരുന്ന നാൾകളിലൂടെയാണ് ഇടശ്ശേരിയുടെ കൗമാരയൗവനങ്ങൾ കടന്നുപോയത്. സമകാലികരായിരുന്ന മററു കവികളെപ്പോലെ ഇടശ്ശേരിയിലും ദേശീയപ്രസ്ഥാനം ഗണ്യമായ സ്വാധീനം ചെലുത്തി. വള്ളത്തോളായിരുന്നു മാർഗദർശി. 'മാതൃവന്ദനം' ചെലുത്തിയ സ്വാധീനമാവണം 'വന്ദിപ്പിനമ്മയെ', 'പാലിപ്പിൻ മാതാവിനെ' തുടങ്ങിയ കവിതകളെഴുതുവാൻ ഇടശ്ശേരിക്കു പ്രചോദനമേകിയത്. ആപാദചൂഡം വള്ളത്തോൾ ശൈലി അനുസ്മരിപ്പിക്കുന്നവ; ആർഷപാരമ്പര്യത്തിലുള്ള അതിരററ അഭിമാനബോധവും ആദരവും തുടിച്ചുനിൽക്കുന്നവ. ഈ കവിതകൾ അതിന്റെ സംയമിതമായ ആവേശത്താൽ ശ്രദ്ധേയമാണ്.

### സ്വതന്ത്രത എന്ന ദേവസങ്കൽപ്പം

നിത്യജീവിതപ്രക്ഷുബ്ധകളിൽപ്പെട്ടുഴലുമ്പോഴും കവിതയുടെ തോണി യാത്രയിൽ ഇടശ്ശേരിക്കു ദിശാബോധം നഷ്ടപ്പെട്ടിരുന്നില്ല. ഗൂഢമായ ജീവിതരഹസ്യങ്ങളും സമസ്യകളും ഇഴപിരിച്ചെടുക്കാനുള്ള ഉദ്യമമാകട്ടെ ഈ കവിതയുടെ പഴകിയ ശീലങ്ങളിൽ ഒന്നാണുതാനും. ജീവിതംകൊണ്ട് അനുഭവിച്ചറിഞ്ഞ ചില കയ്പൻ നേരുകൾ സ്വകീയമായ ജീവിതതത്വശാസ്ത്രം ഇടശ്ശേരിയിൽ രൂപപ്പെടുത്തുകയായിരുന്നു. ചപലതകളിലൂടെ യൗവനത്തിൽ പോലും ഇരുത്തം വന്ന വാർധക്യമാണ് ഇടശ്ശേരിക്കവിതയിൽ നാം കാണുന്നത്. കേവലം മുപ്പതുവയസ്സുപോലും തികയാത്ത കവി 'രണാങ്കണത്തിൽ' എന്ന കവിതയിൽ പറയുന്നു.

'മർത്ത്യൻ മരിപ്പതവന്റെ മേന്മ,യ്ക്കിതോ
മാഹാത്മ്യ പൂർണമാമാത്മ സമർപ്പണം'

സ്വാതന്ത്ര്യത്തെക്കുറിച്ചു ചിന്തിക്കുമ്പോഴും അതിന്റെ വൈയക്തികവും സാർവലൗകികവുമായ സമസ്തതലങ്ങളെയും ആഴത്തിൽ അനുഭവച്ചറിയാനാണ് ഇടശ്ശേരിക്കു താൽപ്പര്യം.

'പാടില്ലപക്ഷി, യൊഴുകില്ല ജലം, കുറച്ചു-
മോടില്ല കാ,ററുയരുകില്ലപയോധരങ്ങൾ
മോടിക്കൊരൊററ മലരും വിരിയില്ല, ശൂന്യം
നാടിസ്വതന്ത്രതമഹിക്കു നശിക്കുമെങ്കിൽ'

എന്ന് സ്വാതന്ത്ര്യത്തിന്റെ പരമപ്രാധാന്യത്തെ കവി നോക്കിക്കാണുന്നു. മാത്രമല്ല

'സ്വാതന്ത്ര്യതൃഷ്ണ, മനുജന്റെ പുരോഗതിത്ത-
യ്യാതങ്കമററുവളരും വളമാണു നൂനം
ഹാ തദ്വിനാശമൊരു രാഷ്ട്രമതിന്നുചേരും
ചേതങ്ങളിൽ പ്രഥമമെന്നതഭിജ്ഞവാക്യം'

എന്നും അദ്ദേഹം നിരീക്ഷിക്കുന്നു. 1938-ൽ രചിച്ചതെന്നു കരുതുന്ന 'സ്വാതന്ത്ര്യം' എന്ന കവിതയിലെ ഈ വരികൾ കവിയുടെ ധീരനൂതനമായ സ്വാതന്ത്ര്യബോധത്തിന്റെ ഉത്തമനിദർശനമായി ഉയർത്തിക്കാട്ടാവുന്നതാണ്.

സ്വാതന്ത്ര്യം കിട്ടിയപ്പോൾ 'എങ്ങനെ നേടിയതിന്ത്യേ, നേടിയതെങ്ങനെ നീയീ സ്വാതന്ത്ര്യം' എന്ന് സാത്ഭുതം ആരായുന്നു കവി. കാരണമുണ്ട്. 'വാളും തോക്കും ബോംബും ദുർവിഷവാതകമാരകഹേതികളും' ചൂണ്ടിനിരത്തിയ കല്ലറയിൽ അടയ്ക്കപ്പെട്ടിട്ടും ഇതൊന്നും പ്രയോഗിക്കാതെ ഇന്ത്യ സ്വതന്ത്രയായി. മധുരസ്നേഹപയസ്സു തുളുമ്പുന്ന തുടിക്കുന്നമാറോടെ തടവറയിൽനിന്നും ഉണർന്നെണീററവളാണ് ഭാരതാംബ. അതുകൊണ്ട് ആ അംബികയ്ക്ക് 'പൊട്ടിയ തോക്കുപുണരാനും വെട്ടിയ വാളിൽ ചുംബിക്കാനും' കഴിഞ്ഞു. അഹിംസയുടെ അവ്യാഖ്യേയമായ സ്നേഹഗീതികൾ ഉരുവിടുകയാണ് കവി. 'എങ്ങനെ നേടി' എന്ന കവിത എഴുതി ഒരു വ്യാഴവട്ടത്തിനുശേ

ഷമാണ് ഇടശ്ശേരി 'ഒരുപിടി നെല്ലിക്ക' എഴുതുന്നത്. നേടിയ സ്വാതന്ത്ര്യത്തിന്റെ വില പുതിയ തലമുറ വേണ്ടവിധത്തിൽ ഉൾക്കൊണ്ടിട്ടുണ്ടോ എന്ന് ഈ കവിതയിൽ സന്ദേഹിക്കുന്നു.

'എന്തു നേടീ? അറിയില്ലെ-
ന്നിളം തലമുറ, പക്ഷേ
എന്തുനഷ്ടപ്പെടാനുണ്ടെ-
ന്നറിഞ്ഞേ പററൂ.'

സ്വാതന്ത്ര്യസംരക്ഷണത്തെപ്പററി കവിയുടെ ഉൽക്കണ്ഠം വളരെ വലുതാണ്. മുതിർന്ന തലമുറയുടെ പ്രതിനിധിയായ കവി ഇളയോരുടെ മുമ്പിൽ ആദ്യം കയ്ക്കുകയും പിന്നെ മധുരിക്കുകയും ചെയ്യുന്ന 'ഒരുപിടി നെല്ലിക്ക' കുടഞ്ഞിടുന്നു. വർത്തമാനകാലത്തിന്റെ ഇത്തിരി ദുഃഖങ്ങളെക്കുറിച്ച് ഒത്തിരി ചിന്തിക്കുന്ന പുത്തൻ തലമുറ യാതനകളുടേയും വേദനകളുടേതുമായ ഭൂതകാലം അറിഞ്ഞിരിക്കണമെന്ന് കവി ശഠിക്കയാണ്. വിദേശാധിപത്യത്തിനു മുൻപും പിൻപുമുള്ള കാലഘട്ടം ഇടശ്ശേരി ഈ കവിതയിൽ നിരീക്ഷിക്കുന്നുണ്ട്. അതിൽ ഇളംതലമുറ നിശ്ചയമായും ഓർത്തിരിക്കേണ്ടവ മിഴിവാർന്ന ചിത്രങ്ങളിലൂടെ കാട്ടിത്തരുന്നുണ്ട്. സ്വാതന്ത്ര്യസമരവും അതിന്റെ ത്യാഗപൂർണമായ ഏടുകളും തിരിച്ചറിവിന്റെ ആഘാതമായി ഈ കവിത അനുഭവിപ്പിക്കുന്നു.

'കലാലയ ജീവിതത്തെ കടന്നു പൊന്മക, നിനി-
ക്കരകാണാമാടൽക്കെന്നോരച്ഛന്മാർ നിൽക്കേ,
കാലോ കയ്യോ വളരുന്നതെന്നുചിന്തിച്ചഴലിലും
താലോലം പാടിവളർന്നതായമാർ കാൺകേ,
ചാലുതെററിച്ചിന്തിച്ചതിൻ പേരിലമ്മക്കൾതന്നുയിർ-
ച്ചാന്തു കൊണ്ടുചായമിട്ടു കഴുമരങ്ങൾ.'

അങ്ങനെ രക്തസാക്ഷിത്വത്തിന്റെ അനേകം വീരസ്മരണകൾ ഉണർത്തിവിടുന്ന സ്വാതന്ത്ര്യം വേണ്ടവിധം പരിപാലിക്കപ്പെടുകയും ഉപയോഗിക്കപ്പെടുകയും ചെയ്യുമോ എന്നാണ് കവിയുടെ ഉൽക്കണ്ഠ.

'ഇനിയൊരു കഥ, അന്തികറുത്തുവന്നിടുംതോറും
തനിയെവരാറുണ്ടൊരു വിറയെന്നുള്ളിൽ
പരിണാമം, മൃഗത്തിനെ മർത്ത്യനാക്കീ, നന്നായ്പ്പക്ഷേ
തിരിച്ചടിയുണ്ടാവില്ലെന്നിനിയാർ കണ്ടു.'

ഭിന്നതകളും വിഭാഗീയതയും ചേരിതിരിവുകളും പണ്ടേ ഇന്ത്യയ്ക്കു സ്വന്തം. അതൊക്കെയാണ് നമ്മുടെ നാടിനെ വിദേശീയന്റെ കൈകളിലെത്തിച്ചത്. നേടിയ സ്വാതന്ത്ര്യം ദുരുപയോഗം ചെയ്താൽ, അതിന്റെ വിലയറിയാതെ പ്രവർത്തിച്ചാൽ, ഉണ്ടാകാവുന്ന വിപത്തിനെ ക്രാന്തദർശിതയോടാണ് ഇടശ്ശേരി കാണുന്നത്. സ്വാതന്ത്ര്യത്തിന്റെ നാളുകളിലുണ്ടായ വർഗീയകലാപവും ഇന്ത്യാ-പാക് വിഭജനവും ഭാരതത്തിന്റെ യശസ്സിനുണ്ടാക്കിയ തീരാക്കളങ്കം മനോവേദനയോടെ അദ്ദേഹം ഓർക്കുന്നു. മതഭ്രാന്തന്റെ തോക്കിനിരയായി ജീവൻ വെടിഞ്ഞ രാഷ്ട്രപിതാവ് മഹാത്മജി തന്റെ അന്തരംഗത്തിൽ കടന്നിരുന്ന് ഇങ്ങനെ ആഹ്വാനം ചെയ്യുന്നതായി കവി സങ്കൽപ്പനം ചെയ്യുന്നു.

'തിരിച്ചു പോകരുതു നീ വിട്ടുപോന്ന മൃഗത്തിനെ-
ത്തിരയാൻ ദേവനിലത്രേ നിനക്കു ലക്ഷ്യം.'

പരിണാമശതങ്ങൾക്കുശേഷമാണ് മൃഗം മനുഷ്യനായിത്തീർന്നത്. നല്ലതുതന്നെ. പക്ഷേ, ഇന്നത്തെ മനുഷ്യന്റെ ചെയ്തികളും സംസ്കാരവിമുഖമായ പുരോഗനമനേച്ഛയും കവിയെക്കൊണ്ടു പറയിക്കുകയാണ് 'പഴയ മൃഗത്തിലേക്കു തിരിച്ചു പോവരുതേ' എന്ന്. പുതിയ തലമുറയ്ക്ക് ദേവപദമാണ് ലക്ഷ്യമായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നത്.

'അതാണുരുവിടുന്നു ഞാൻ സവിശ്വാസം, സഹജരെ,
സ്വതന്ത്രതയെന്ന ദേവസങ്കല്പം മാത്രം'

എന്ന് ആ സ്വപ്നത്തിന് പൂർത്തീകരണവും നൽകുന്നു.

'ഭാരതത്തിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ജനകീയങ്ങളായത് അനിവാര്യമാകാം. പക്ഷേ, അതോടുകൂടി അവയ്ക്കുണ്ടായതും ക്ളേശിച്ചു നിലനിർത്തി വന്നതുമായ സാംസ്കാരികൗന്നത്യം നാശോന്മുഖമായി വരുന്നതിലുള്ള' ഖേദമാണ് 'പട്ടുകുപ്പായം' എന്ന കവിതയിലൂടെ ഇടശ്ശേരി പങ്കുവയ്ക്കുന്നത്. ഉണ്ണക്കുപാകമല്ലെന്ന കാരണത്താൽ മണ്ണിലെറിഞ്ഞുകളഞ്ഞ പട്ടുകുപ്പായമാണ് കവിയുടെ ചിന്തകൾക്കു കാരണമാകുന്നത്.

'മാറുന്ന കുപ്പായം മർത്ത്യവളർച്ചതൻ
മാഹാത്മ്യം പാടും ചരിത്രമല്ലേ?'

എന്ന ചോദ്യം മാറുന്ന സങ്കൽപ്പങ്ങളും അഭിരുചികളും കവിയിലുളവാക്കുന്ന സന്ദിഗ്ധത വ്യക്തമാക്കുന്നു. എങ്കിലും മാററങ്ങൾക്കെതിരായ നിലപാട് അദ്ദേഹം സ്വീകരിക്കുന്നില്ല. താരുണ്യം വർ

ണശമ്പളമായിരിക്കുമെങ്കിലും തൂവെള്ളപ്പട്ടുകുപ്പായത്തിലാണ് തന്റെ കരൾ പ്രേമദീപ്തമാകുന്നതെന്ന് കവി വ്യക്തമാക്കുന്നു:

‘സ്വാതന്ത്ര്യവാനേ നീ തുന്നിച്ചുകൊണ്ടാലും
ബോധിച്ച പോലുള്ള കുപ്പായങ്ങൾ
മെയ്യളവെന്തെന്നും കയ്യേത്രയ്ക്കാണെന്നും
ഇയ്യുള്ളോർക്കില്ലല്ലോ ശാഠ്യമൊന്നും
സ്വച്ഛതപാലിച്ചു കാൺമതിലാഗ്രഹം
സ്വച്ഛന്ദതയ്ക്കതിലെന്തൊരൂനം?’

തലമുറകളുടെ ദർശനവൈരുധ്യം സ്വന്തം ചിത്തവൃത്തിയുടെ ഇരുപുറങ്ങളാക്കി നിർത്തിക്കൊണ്ടുള്ള ഇത്തരം ആത്മവിചാരണകൾ ഇടശ്ശേരിക്കവിതയിലെ നിരന്തര സാന്നിധ്യമാണ്. ഇന്ത്യ സ്വതന്ത്രയാകുന്നതിനു മുൻപും പിൻപുമുള്ള രണ്ടു ഘട്ടങ്ങൾ ഇടശ്ശേരിക്കവിതയിലും നിർണായക ഘട്ടങ്ങളാകുന്നു. സ്വാതന്ത്ര്യം നേടും വരെയും അതായിരുന്നു മുഖ്യവിഷയം. ഭാരതജനത എല്ലാ ഭിന്നതകളും മറന്ന് ഒററക്കെട്ടായി നടത്തിയ ആ ഉജ്വല സമരത്തിനു ഫലം കണ്ടു. പക്ഷേ, ആ ഐക്യവും ആദർശസ്ഥൈര്യവും താൽക്കാലികം മാത്രമായിപ്പോയത് സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ ദുഃഖമായി. അതാണ് ‘ഒരുപിടിനെല്ലിക്ക’യിലും ‘പട്ടുകുപ്പായ’ത്തിലുമൊക്കെ ചില മുന്നറിയിപ്പുകൾക്ക് കവി ഒരുങ്ങുന്നതിനടിസ്ഥാനം. ‘പൊട്ടിപുറത്ത് ശീവോതി അകത്ത്’ എന്ന കവിതയുടെ ആമുഖത്തിൽ ‘പ്രയോഗക്ഷമമല്ലാത്ത പല ആശയങ്ങളോടും എനിക്കു കമ്പമുണ്ട്.’ എന്ന് ഇടശ്ശേരി പറയുമ്പോൾ അത് ‘പട്ടുകുപ്പായ’ത്തിലെ പുതുതലമുറയുടെ പ്രയോഗികഭ്രമത്തോടുള്ള തീക്ഷ്ണമായ പ്രതികരണമാവുകയാണ്.

‘അരിയില്ല തിരിയില്ല, ദുരിതമാണെന്നാലും
നരിതിന്നാൽ നന്നോ മനുഷ്യന്മാരെ’

എന്ന ചോദ്യം തന്നെ ഒരു ക്രൂരഫലിതമാണ്. ഭാര്യയുടെയും കുഞ്ഞുമക്കളുടെയും വിശപ്പടക്കാൻ റേഷനരിയുമായി ഒരു കാട്ടുപാതയിലൂടെ വീടിനെ ലക്ഷ്യമാക്കി നടക്കുന്ന ഗൃഹനാഥനെ നരി പിടിക്കാൻ വന്നാലെന്തുചെയ്യും? അഹിംസാവാദിയായ അയാൾക്ക് അന്നേരത്ത് സമീപത്തുള്ള ബുദ്ധപ്രതിമ മറിച്ചിട്ടായാലും നരിയെക്കൊന്നേ മതിയാകൂ. അപ്രകാരം ചെയ്ത് വീട്ടിലെത്തി കുഞ്ഞുങ്ങളുടെയും ഭാര്യയുടെയും വിശപ്പടക്കി ഉറങ്ങാൻ കിടന്നപ്പോൾ അയാൾക്കൊരുചിന്ത.

‘പരമമീ ലക്ഷ്യത്തിൽ സമസൃഷ്ടച്ചെഞ്ചോര
പുരളാനിടയാ, യെൻ തെററുതന്നെ
ഇരുകാതം താണ്ടി ഞാൻ വരുവോളമെന്മക്കൾ
പൊരിയുകിൽ,ച്ചാവുകിൽ,ത്തെററല്ലെന്നോ?
ഇടയുള്ളോർ വാദിപ്പിൻ മാർഗവും ലക്ഷ്യവു-
മിടറിയോ, ഞാനൊന്നു തലചായ്ക്കട്ടെ.’

ഇത്രയുമാകുമ്പോൾ ഈ ‘ധർമസങ്കട’ത്തിൽ പങ്കുകാരാവുന്ന നമ്മളും അറിയാതെ ഊറിച്ചിരിച്ചുപോകും. ഇടശ്ശേരി നൂറുശതമാനം അഹിംസാവാദിയാണെന്നോ കമ്മ്യൂണിസ്റ്റു ചിന്താഗതിക്കാരനാണെന്നോ പറഞ്ഞു സമർഥിച്ചാൽ അടുത്ത ക്ഷണത്തിൽ അതു തിരുത്തിപ്പറയേണ്ടിവരും. മനുഷ്യന്റെ മൗലികപ്രശ്നങ്ങൾക്കു പരിഹാരം കാണാത്ത ഒരു വിശ്വാസത്തിന്റെയും അടിമയോ, തടവുകാരനോ ആവുന്നതിൽ അദ്ദേഹത്തിനു താൽപ്പര്യമില്ലായിരുന്നു. ‘തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ’ എന്ന കവിതയുടെ താത്വികാടിത്തറ ഈ ചിന്താധാരയാണ്. വിധിവിശ്വാസിയും ആസ്തികനുമായ അച്ഛനും പുരോഗമനത്തിന്റെ മേലങ്കിയണിഞ്ഞ രാഷ്ട്രീയക്കാരനായ മകനും തമ്മിലുള്ള ആശയസംഘട്ടനത്തിൽ മധ്യവർത്തിയാണ് കവി.

‘വെട്ടി നീക്കുന്നു മകൻ വിശ്വാസപ്രമാണത്തെ
വെള്ളമാണയാൾക്കല്ലോ മാർക്സിയൻ തത്വജ്ഞാനം’

പ്രസ്ഥാനവും പ്രത്യയശാസ്ത്രവും ഏതുതന്നെയായാലും ജീവിതത്തിൽ യാഥാർഥ്യബോധം നഷ്ടപ്പെടാതിരിക്കലാണ് പരമപ്രധാനം എന്ന് പുതിയ തലമുറയെ ഓർമിപ്പിക്കാനാണ് ഇടശ്ശേരിയുടെ ഉദ്യമം. വിശ്വാസവും പ്രത്യയശാസ്ത്രവും തലയ്ക്കുപിടിക്കുമ്പോൾ നഷ്ടമാകുന്ന യാഥാർഥ്യബോധം സഹതാപം പോലുമർഹിക്കാത്ത ജീവിതപരാജയത്തിലേക്ക് എങ്ങനെ നയിക്കുന്നു എന്നു കാട്ടിത്തരികയാണ് ‘തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ’ എന്ന കവിതയിൽ ഇടശ്ശേരി.

### ഗാന്ധിജിയുടെ സ്വാധീനം

ഇടശ്ശേരിയുടെ ആരാധ്യദേവനായിരുന്നു ഗാന്ധിജി. ആ സ്വാധീനം എത്ര ആഴത്തിലാണെന്ന് കൃത്യമായി നിർണയിക്കുക സാധ്യമല്ല. ഗാന്ധിജി ഒരു വികാരമായിരുന്നു ഇടശ്ശേരിക്ക്. ആ വ്യക്തിപ്രഭാവത്തെ അദ്ഭുതാദരങ്ങളോടെ അദ്ദേഹം നോക്കിക്കാണുന്നു.

'ഒരു കൊച്ചുമനുഷ്യനീ മഹാപ്രപഞ്ചത്തോളവും
വളരുമോ, വളർന്നതീ കണ്ണാലെ കണ്ടു' (ഒരുപിടി നെല്ലിക്ക)

നേരിട്ടറിയുന്ന സത്യത്തിന് തീക്ഷ്ണത കൂടുമല്ലോ. ഗാന്ധിജിയുടെ അഹിംസാവാദവും സാമ്പത്തിക സിദ്ധാന്തങ്ങളുമൊക്കെ അത്യഗാധമായ സ്വാധീനമാണ് ഇടശ്ശേരിയിൽ ചെലുത്തിയിരുന്നത്. സ്വദേശിപ്രസ്ഥാനം, സ്വാശ്രയശീലം, ലളിത ജീവിതം എന്നിങ്ങനെ എണ്ണിപ്പറയാവുന്ന സ്വാധീനഘടകങ്ങൾ വേറെയുമുണ്ട്. ഗാന്ധിജിയുടെ മരണം വല്ലാത്ത ഒരു ശൂന്യതയാണ് ഇടശ്ശേരിയിലുളവാക്കിയത്.

'അഭയമന്ത്രത്തെത്തന്നു ജീവപ്രപഞ്ചപ്രണയ-
പ്രണവത്തോടൊപ്പം പാരിലമ്മഹാസത്വൻ
ഒളിയമ്പേററവൻ വീണുമരിപ്പതും കണ്ടു മുമ്പിൽ
ഒഴുക്കപ്പെട്ടതും കണ്ടേനവന്റെ ചാമ്പൽ' (ഒരുപിടി നെല്ലിക്ക)

ആ ചാമ്പൽ തിരുനാവാ നദിയിൽ ഒഴുക്കുന്ന വേളയിൽ അതിനു സാക്ഷ്യം വഹിക്കാൻ നിറകണ്ണുകളോടെ ഇടശ്ശേരിയും കൂടിയിരുന്നു.

'ഇക്കൈകൾക്കു കൊടുങ്കാററിൻ ബല-
മേകിയൊരാളുണ്ടായി;
ദുർബലസത്തയെ ധർമക്കതിരിലി-
ണക്കിച്ചുററി മനുഷ്യ-
ന്നദ്ഭുതമൊരു നവസംസ്കാരം നെയ്-
തേകിയൊരാളുണ്ടായി.' (ചിതാഭസ്മം)

അഭിമാനവിജൃംഭിതമായ മനസ്സോടെ ഗാന്ധിജിയുടെ അപദാനങ്ങളിലൂടെ അങ്ങനെ ഒഴുകി നീങ്ങുകയാണ് ഇടശ്ശേരി.

'പുതിയൊരു മാനുഷ വർഗത്തിന്നു-
യുഗാന്തം നിന്നു തഴയ്ക്കാൻ
മതിയിതു, കേരളഗംഗേ, ധന്യേ
നിന്നിലിതുൾച്ചേർന്നല്ലോ'

എന്നാണ് തിരുനാവാനദിയോടുള്ള കവിയുടെ വികാരപ്രകടനം.

കേവലം വ്യക്തിപരമായ ഒരു ആരാധനയല്ലിത്. എല്ലാ അർഥത്തിലും ഭാരതത്തിന്റെ പ്രതീകമായാണ് കവി ഗാന്ധിജിയെ വിഭാവന ചെയ്യുന്നത്. 'വാൾത്തലകളെ വാകപ്പൂവിതൾത്തുമ്പാക്കുന്ന' അഹിംസയോട് ഇടശ്ശേരിക്കുളവായ പ്രേമം ബുദ്ധനിൽനിന്നും ഗാന്ധിജിയിൽനിന്നും കരഗതമായതാണ്. അതിനുമപ്പുറം 'കൊടുക്കുവാനരുതാത്തതെടുക്കരുതെന്ന' മാമുനിശാസനം അഹിംസയുടെ ആർഷപാരമ്പര്യത്തിലേക്കുതന്നെ വിരൽചൂണ്ടുന്നു.

ഗാന്ധിയൻ സാമ്പത്തികശാസ്ത്രം ഭാരതത്തിനുമാത്രമല്ല ലോകത്തിനുതന്നെ മാതൃകയാവേണ്ടതാണെന്ന് ഇടശ്ശേരി വിശ്വസിച്ചു. ഇന്ന് ജീവിച്ചിരുന്നെങ്കിൽ കുറെക്കൂടി ഉച്ചത്തിൽ കവി ഈ പരമാർഥം വിളിച്ചുപറയുമായിരുന്നു. ദരിദ്രനാരായണന്മാരുടേതായ ഒരു രാഷ്ട്രത്തിന് ആർഭാടവും ആഡംബരവും നിറഞ്ഞ ഒരു ജീവിതത്തിന് അർഹതയില്ല. ചർക്കയിൽ നൂൽനൂററു വസ്ത്രം ധരിച്ചിരുന്നത് ഇന്നത്തെ തലമുറയ്ക്ക് ഒരു കെട്ടുകഥയായി തോന്നാം. ഏററവും വില കുറഞ്ഞ ഉപ്പുപോലും സ്വതന്ത്രമായി ഉൽപ്പാദിപ്പിച്ചെടുത്തിരുന്നത് ഭ്രാന്തമായ ഉപഭോഗാസക്തിയുടെ ഇക്കാലത്ത് വെറും അസംബന്ധമായും തോന്നാം. ഗാന്ധിമഹത്വം വിളംബരം ചെയ്തിരുന്ന ഇടശ്ശേരിക്കാലവും കഴിഞ്ഞിപ്പോൾ ഗാന്ധിജിയും ഗാന്ധിസവുമൊക്കെ നിലനിൽപ്പിന്റെ ഭീഷണി നേരിടുകയാണല്ലോ.

'നിന്ദ്യമാം വിശ്രമമാഴ്ത്തിയീ നമ്മളെ
നിശ്ചേതനത്വമാം പാഴ്പിളർപ്പിൽ' (പൂപ്പരുത്തി)

സ്വാതന്ത്ര്യം കിട്ടുന്നതിനുമുമ്പുതന്നെ ഇടശ്ശേരി ക്രാന്തദർശിതയോടെ ഈ സത്യം കണ്ടെത്തിയിരുന്നു.

നമ്മുടെ ദേശീയ പ്രസ്ഥാനത്തിന് കേരളത്തിന്റെ സംഭാവനയായ കെ. കേളപ്പനാണ് ഗാന്ധിജി കഴിഞ്ഞാൽ ഇടശ്ശേരിയുടെ ആരാധനയ്ക്കു പാത്രമായിട്ടുള്ള മററൊരു നേതാവ്.

'കേരള ചരിത്രത്തിൽ ധർമത്തിൻ പേരിൽപ്പട-
വാളിളക്കിയതൊരേ യോധ, നി ശ്രീകേളപ്പൻ' (എന്റെ നേതാവ്)

രാഷ്ട്രീയതത്വങ്ങൾ ഇന്നുയരും നാളെത്താഴും. പക്ഷേ, രാഷ്ട്രീയസത്യങ്ങൾ നിത്യം നിലനിൽക്കുന്നു. വിശ്വാസത്തിന്റെ ശ്രേഷ്ഠമായ ഈ പെരുമ്പാറമേലാണ് തന്റെ രാഷ്ട്രീയ നേതൃത്വത്തെ കേളപ്പൻ പണിതുയർത്തിയത്. 'എന്റെ നേതാവ്' എന്ന കൊച്ചുകവിത കേളപ്പനെ സംബന്ധിക്കുന്ന മിഴിവാർന്ന ചിത്രം നൽകിയാണ് അവസാനിക്കുന്നത്.

'വായ്പൊടും നായാടിയെ മർത്ത്യനാക്കീടാനൊരാൾ
കാപ്പുകെട്ടിക്കൊണ്ടെങ്ങും തെണ്ടുന്നു ശ്രീ കേളപ്പൻ.'

വടക്കേ മലബാറിന്റെ സ്വാതന്ത്ര്യസമരനായകരിൽ ഒരാളായിരുന്ന മുഹമ്മദ് അബ്ദു റഹിമാൻ സാഹിബിനെ അനുസ്മരിപ്പിക്കുന്ന 'മുഹമ്മദബ്ദുറഹിമാൻ' എന്ന കവിത മാപ്പിളലഹളയുടെ ഒരേടുകൂടിയാണ്. ലാത്തികൾക്കു മുമ്പിലും പാഴ്ത്തുറുങ്കിനുള്ളിലും താഴ്ത്തിടാത്ത ശീർഷമോടെ ഘോരമായിപ്പോരാടിയ മംഗളാത്മനായിരുന്നു മുഹമ്മദബ്ദുറഹിമാൻ. ആ മഹാനുഭാവന്റെ കീർത്തി സുസ്വതന്ത്രകണ്ഠമുയർത്തി തലമുറകൾക്കായി ഇടശ്ശേരി വാഴ്ത്തിപ്പാടുന്നു.

കാലത്തിനൊപ്പം നടക്കുകയും കാലത്തിനപ്പുറം നടക്കുകയുമായിരുന്നു ഈ കവി. ജനിച്ചുവളർന്ന നാടിന്റെ അന്തരീക്ഷവും നാട്ടുകാരുടെ ജീവിതത്തിന്റെ പ്രത്യേകതകളും കവിതയിൽ പകർത്താൻ ഇടശ്ശേരി മറന്നിട്ടില്ല. അടിസ്ഥാനപരമായി താനെന്താണോ അതറിഞ്ഞും ഉൾക്കൊണ്ടും രൂപപ്പെട്ടതായിരുന്നു ഇടശ്ശേരിയുടെ ദേശീയവീക്ഷണം. ജീവിതാനുഭവങ്ങൾ പഠിപ്പിച്ച പാഠങ്ങളാണ് അദ്ദേഹത്തിന്റെ ദർശനവും സന്ദേശവും വ്യക്തിത്വത്തിന്റെ വിളംബരവുമായി അവതരിച്ചത്.